**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5720** **24-03-2025 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്കുള്ള വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരസഭകളിൽ സാമൂഹ്യ സുരക്ഷ മിഷന് കീഴിൽ ആരംഭിച്ച വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് വേതനം നൽകുന്നത് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ്. വയോമിത്രം പദ്ധതിയുടെ പദ്ധതി പ്രവർത്തനത്തിനായി ജീവനക്കാർക്ക് പ്രതിമാസം കൃത്യമായി വേതനം നൽകുവാനായി സാധിച്ചിരുന്നില്ല. എന്നാൽ സർക്കാർ പ്ലാൻ പ്രയോറട്ടൈസേഷനിലൂടെ പദ്ധതിയിൽ ബാക്കി അനുവദിക്കാനുള്ള തുക കൂടി അനുവദിച്ചത് പ്രകാരം, ജീവനക്കാർക്ക് കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ വേതനവും അനുവദിച്ചിട്ടുണ്ട്. നിലവിൽ ജീവനക്കാർക്ക് 2025 ഫെബ്രുവരി മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. മാർച്ച് മാസത്തെ വേതനം അനുവദിക്കാനുള്ള തുക ശീർഷകത്തിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകാനുള്ള വേതന കുടിശിക എത്രയാണെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കാമോ? | (ബി) | നിലവിൽ വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് വേതന കുടിശ്ശിക ഒന്നുംതന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ